**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3347** **11-03-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളിലെ സേവനങ്ങൾ ഒറ്റ പോർട്ടൽ വഴി ലഭ്യമാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളിലെ സേവനങ്ങൾ ഒറ്റ പോർട്ടൽ വഴി ലഭ്യമാക്കുന്ന എന്റെ ഭൂമി സംയോജിത പോർട്ടലിൽ ഏതെല്ലാം സേവനങ്ങളാണ് ലഭ്യമായിട്ടുള്ളത് വ്യക്തമാക്കാമോ? | (എ) | റവന്യൂ രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം ഇന്ത്യയിലെ തന്നെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ്. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടൽ വരുമ്പോൾ താഴെ പറയുന്ന നിരവധി സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഭൂമിയുടെ കൈമാറ്റത്തിനായി, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീമ്യൂട്ടേഷൻ സ്കെച്ച്, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂമിനികുതി അടവ്, ന്യായവില നിർണ്ണയം, ഓട്ടോ മ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമി യുടെ തരം മാറ്റൽ തുടങ്ങി നിരവധി സേവനങ്ങൾ ഇനി ഒറ്റ പോർട്ടൽ വഴി ലഭ്യമാകും<br><br>വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഭൂമി ഇടപാടുകളിൽ കാര്യക്ഷമതയും വേഗതയും ഇതു വഴിവർദ്ധിക്കും. സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ഉറപ്പാ ക്കുന്നതോടെ ഭൂരേഖകൾക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ പൂർണ്ണ സംരക്ഷണ ലഭിക്കും. ഭൂരേഖാ വിവരങ്ങളുടെ നിരന്തരവും കൃത്യവുമായ ഡിജിറ്റലായി നാളതീകരിച്ച സ്കെച്ചോട്ടുകൂടി എല്ലാ ഭൂമി ഇടപാടുകളും സുതാര്യമായി നടക്കുന്നതാണ്.<br><br>റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും പൂർണ്ണമായും ഒരേ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാകുന്നു. ആയതിനാൽ വ്യത്യസ്ത വകുപ്പ കൾക്കിടയിലെ ഇടപെടലും കാലതാമസവും ഇല്ലാതാകും. കൂടാതെ ഭൂപ്രദേശത്തെക്കു റിച്ചുള്ള വിവരങ്ങളും രേഖകളും ഡിജിറ്റൽ ആയി സൂക്ഷിക്കപ്പെടുന്നതിനാൽ, വിവരങ്ങ ളുടെ കൃത്യത |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കപ്പെടുകയും, ഭൂരേഖകളിലെ പിഴവുകൾ ഒഴിവാകുകയും ചെയ്യുന്നു.<br><br>ഓൺലൈനായി രേഖകളുടെ ലഭ്യതയും, സർട്ടിഫിക്കറ്റുകൾ, അനുമതികൾ എന്നിവ ലഭ്യമാകുന്നതിനാൽ നടപടികൾ വേഗത്തിൽ പൂർത്തിയായി പൊതുജനങ്ങൾക്ക് സേ വനങ്ങൾ വളരെ പെട്ടെന്ന് ലഭിക്കുന്നു. ലാന്റ് ടാക്സ്, രജിസ്ട്രേഷൻ ഫീസ് മുതലായവ ഓൺലൈനായി അടയ്ക്കാവുന്നതും, ഇടപാടുകളുടെ ട്രാക്കിംഗ് മുതലായവയിലൂടെ പൊ തുജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ വേഗത്തിൽ ലഭ്യമാകുകയും ചെയ്യും.<br><br>സർവെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം വിജ്ഞാപനം കഴിഞ്ഞ് ILIMS പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയത് കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിലാണ്. ILIMS നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 13/01/2025 ൽ ഡിജിറ്റൽ സർവെ പ്രകാരമുള്ള വിസ്തീർണ്ണത്തിനു അനുസൃതമായി ടാക്സ് സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് (G.O (Ms) No. 7 /2025/RD) പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ILIMS ന്റെ ഭാഗമായി വില്ലേജുകളിൽ ആട്ടോമ്യൂട്ടേഷൻ ഏർപ്പെടുത്തുന്നതിനായി പോക്കുവരവ് ചട്ടങ്ങളിൽ മാറ്റം വരുത്തുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ